ഉത്തരം

(എ) ഉണ്ടായിട്ടുണ്ട്.

(ബി) കൊല്ലം റേഞ്ചിലെ കള്ളുഷാപ്പുകളുടെ ഡിപ്പോയിൽ നിന്നും ശേഖരിച്ച കള്ളിന്റെ സാമ്പിളിൽ ഡയസെപാം കണ്ടതിനെത്തുടർന്നാണ് ഷാപ്പുകൾ പൂട്ടി സീൽ ചെയ്തത്.

(സി) കൊല്ലം റേഞ്ചിലെ 1997-98 സാമ്പത്തികവർഷത്തെ 1 മുതൽ 65 വരെ കള്ളു ഷാപ്പുകരാറുകാരുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി)) ചാർജ്ജ് ഷീറ്റിന്റെ നക്കൽ തയ്യാറാക്കി ഗവൺമെൻറ് പ്ലീഡറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് കോടതിയിൽ ചാർജ്ജ് സമർപ്പിക്കുന്നതാണ്.

**41 (333) കൊയിലാണ്ടി എക്സൈസ് ഓഫീസ്**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി എക്സൈസ് ഓഫീസിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണ്;

(ബി) സ്റ്റാഫിന്റെ കുറവുകൊണ്ട് ഇവിടെ വാറ്റുചാരായ വേട്ട നടക്കുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് സ്റ്റാഫും വാഹനവും കൊടുത്ത് കൊയിലാണ്ടി താലൂക്കിന്റെ ആസ്ഥാനമായ കൊയിലാണ്ടി എക്സൈസ് ഓഫീസ് കാര്യക്ഷമമാക്കാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)

| | |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ | 1 |
| അസി.എക്സൈസ് ഇൻസ്പെക്ടർ | 1 |
| പ്രിവന്റീവ് ഓഫീസർമാർ | 3 |
| ഗാർഡുമാർ | 14 |
| ഡ്രൈവർ | 1 |

ഇവരിൽ ഒരു പ്രിവന്റീവ് ഓഫീസറുടെയും ആറ് ഗാർഡുമാരുടെയും ഒഴിവുകൾ നികത്തുവാനുണ്ട്.

(ബി) സ്റ്റാഫിന്റെ കുറവ് വാറ്റുചാരായവേട്ടയെ ബാധിച്ചിട്ടില്ല.

(സി) സ്റ്റാഫ് കുറവാണെങ്കിലും റേഞ്ച് പാർട്ടിയും പേരാമ്പ്ര സർക്കിൾ പാർട്ടിയും കൂട്ടായി കൊയിലാണ്ടി റേഞ്ചിൽ റെയിഡുകൾ നടത്തുന്നുണ്ട്. കുറവുള്ള സ്റ്റാഫിനെ പി.എസ്.സി.വഴി നിയമിക്കാൻ നടപടി എടുത്തിട്ടുണ്ട്.

**42 (334) ഡിസ്റ്റിലറികളിലെ തൊഴിലാളികൾ**

ശ്രീ. ജോർജ് ജെ. മാത്യു : താഴെകാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly